<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144</u> <u>07-12-2022 - ൽ മറുപടിയ്ക്ക്</u>

<u>പുഴങ്കാവ് തടയണ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ പുഴങ്കാവ് തടയണയുടെ നിർമ്മാണത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന ‘മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം' എന്ന പദ്ധതി 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, അബ്ട്മെന്റ് (Abutment) നിർമ്മാണം, നാല് തൂണുകളുടെയും നാല് വിയറിന്റെയും നിർമ്മാണം, ഇടതുകരയിലെ 140 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നറിയിക്കുമോ; | (ബി) | ഇടതുകരയിലെ 23 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും, ഗാർഡ് റൂമിന്റെ ഫിനിഷിംഗ് പ്രവൃത്തികളും, മെക്കാനിക്കൽ ഷട്ടർ ഇറക്ഷൻ പ്രവൃത്തികളും ആണ് ഇനി പൂർത്തിയാക്കാനുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) | മഴയും വെള്ളപ്പൊക്കവും മൂലം പ്രവൃത്തിയ്ക്ക് താമസം നേരിട്ടെങ്കിലും, പ്രസ്തുത പ്രവൃത്തി 2023 ജനുവരി 15-ാം തീയതിയോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ